## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 247

30.11.2015 ൽ മറുപടി നൽകേണ്ടത്

### ജില്ലാ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തന രീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) സ്റ്റേറ്റ് ക്രൈം ബ്രാഞ്ച്, ജില്ലാ ക്രൈം ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് സെൽ എന്നിവയുടെ പ്രവർത്തന രീതി വിശദമാക്കാമോ; ഓരോ ബ്രാഞ്ചിലും അനുവദിച്ചിട്ടുള്ള മൊത്തം ഉദ്യോഗസ്ഥരുടെ വിശദവിവരം വെളിപ്പെടുത്താമോ? | (എ) 17.06.2014 ലെ GO(Ms)No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈം ബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗ- സ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈം ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈം ബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്. |

| | |
|---|---|
| ബി) കേസുകൾ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനും ജില്ലാ ക്രൈം ബ്രാഞ്ചിനും കൈമാറുന്ന- തിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ: | ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും കേരള സർക്കാരിന്റേയും സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുകൾ പ്രകാരമുള്ള കേസുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായും വിവിധ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. |
| സി) സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന്റേയും ജില്ലാ ക്രൈം ബ്രാഞ്ചിന്റേയും പ്രവർത്തന രീതിയിലുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ: | സി) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം)-ന്റെ നിയന്ത്രണത്തിൽ പ്രത്യേക യൂണിറ്റായി സ്റ്റേറ്റ് ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നു. എന്നാൽ ജില്ലാ ക്രൈംബ്രാഞ്ച് ഓരോ ജില്ലയിലും അതാത് ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. |
| ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഏതൊക്കെ തരത്തിലുള്ള കേസുകളാണ് കൈകാര്യം ചെയ്യുന്നത് എന്ന വ്യക്തമാക്കാമോ: | ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഇപ്പോൾ നിലവിലില്ല. പ്രസ്തുത വിഭാഗത്തിനെ ജി.ഒ (എം.എസ്) നം 124/2014/ആഭ്യന്തരം തീയതി 17.06.2014 പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചായി മാറ്റിയിട്ടുണ്ട്. |
| ഇ) ഓരോ വിഭാഗവും കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടെ എത്ര കേസുകൾ ഏറ്റെടുത്തു എന്നും, എത്ര കേസുകളുടെ അന്വേഷണം പൂർത്തിയാക്കി എന്നും ഇതിൽ എത്ര കേസുകൾ കുറ്റവാളികളെ ശിക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ? | ഇ) സംസ്ഥാന ക്രൈംബ്രാഞ്ച് കഴിഞ്ഞ 5 വർഷ- ത്തിനിടെ ഏറ്റെടുത്ത കേസുകൾ 2858 ആണ് ഇതിൽ അന്വേഷണം പൂർത്തിയാക്കിയ കേസുകൾ 1280 ആണ് ഇതിൽ 25 കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരിച്ച ശേഷം 788 കേസുകൾ ഏറ്റെടുക്കുകയും 115 കേസുകൾ അന്വേഷണം പൂർത്തിയാക്കുകയും ഈ കേസുകൾ കോടതിയിൽ വിചാരണയിലുമാണ്. പ്രസ്തുത കേസുകളിൽ ആരും ശിക്ഷിക്ക- പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# CRIME BRANCH CID STRENGTH STATEMENT

| Sl No. | Name of Post | Sanctioned | Existing | Vacancy | Remarks |
|---|---|---|---|---|---|
| 1 | *Additional Director General of Police* | 1 | 1 | 0 | |
| 2 | *Inspector General of Police* | 3 | 1 | 2 | 1.CBCID EOW CSO TVPm<br>2.CBCID OCW CSO Tvpm |
| 3 | *Superintendent of Police* | 16 | 15 | 1 | 1.SP Crimes ,CBCID HQ |
| 4 | *Deputy Superintendent of Police* | 43 | 42 | 1 | 4. OCW.IV KNR<br>5. HHW.III KKD |
| 5 | *Detective Inspector of Police* | 69 | 68 | 1 | 1.CBCID EOW.II Kottayam |
| 6 | *Detective Sub Inspector of Police* | 82 | 74 | 8 | |
| 7 | *Assistant Sub Inspector of Police* | 165 | 77 | 88 | |
| 8 | *Sr. Civil Police Officer* | 198 | 183 | 15 | |
| 9 | *Civil Police Officer* | 304 | 281 | 23 | |
| 10 | *Motor Transport Inspector* | 1 | 1 | 0 | |
| 11 | *Driver Sub Inspector* | 1 | 1 | 0 | |
| 12 | *Driver Police Constable* | 139 | 118 | 21 | |
| 13 | *HC/PC Mechanic* | 4 | 4 | 0 | |
| 14 | *Electrician Police Constable* | 1 | 1 | 0 | |
| 15 | *Administrative Assistant* | 1 | 1 | 0 | |
| 16 | *Junior Superintendent* | 11 | 11 | 0 | |
| 17 | *Head Clerk* | 1 | 1 | 0 | |
| 18 | *Cashier* | 1 | 1 | 0 | |
| 19 | *Clerk* | 40 | 40 | 0 | |
| 20 | *Fair Copy Superintendent* | 4 | 4 | 0 | |
| 21 | *Typist* | 25 | 25 | 1 | |
| 22 | *Confidential Assistant* | 13 | 9 | 4 | |
| 23 | *Medico Legal Advisor* | 1 | 0 | 1 | |
| 24 | *Short hand Reporter* | 2 | 0 | 2 | |
| 25 | *Photographer* | 1 | 1 | 0 | |
| 26 | *Part Time Sweeper* | 22 | 22 | 0 | |
| | Total | 1150 | 1012 | 169 | |